HON'BLE MR. E. K. MADHAVAN : എല്ലാ വിഭാഗക്കാർക്കും പ്രാതിനിദ്ധ്യം കൊടുക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടു ചിലരെ വിടേണ്ടിവന്നിട്ടുണ്ട്.

MR. A. CHIDAMBARANATHA NADAR : *சட்டிய மட்டிலும் பிரதிநித்துவம் கொடுக்கப்படுவார்கள் என்று நீங்கள் சொன்னீர்கள். ஆனால் நாயர், கிருஸ்துவர், ஈழவர்கள் தான் அந்தப்பட்டிகையில் காணப்படுகிறது.*

MR. U. K. VASUDEVAN ASARI : ഏതെങ്കിലും ഒരു നിയമനം നടത്തുമ്പോൾ ചില സമുദായങ്ങൾക്കു അമിതമായ പ്രാതിനിദ്ധ്യം കൊടുക്കുന്നതു ന്യായമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN : അങ്ങനെ കൊടുക്കുന്നതു ന്യായമല്ലെന്നു ഗവണ്മെൻറിനറിയാം.

MR. U. K. VASUDEVAN ASARI : ഇപ്പോൾ നടത്തിയ നിയമനങ്ങളിൽ ചില സമുദായങ്ങൾക്കു അമിതപ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടെന്നു ബോദ്ധ്യമുണ്ടോ?

HON'BLE MR. E. K. MADHAVAN : ഏതെങ്കിലും സമുദായങ്ങൾക്കു അമിതപ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടെന്നു ഗവണ്മെൻറിനു ബോദ്ധ്യമില്ല.

AN HON'BLE MEMBER : പ്രാദേശികപ്രാതിനിദ്ധ്യം കൊടുക്കണമെന്നുള്ള തത്വം ഏതെങ്കിലും നിയമനം നടത്തുമ്പോൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ഇല്ല.

MR. MANNATHU PADMANABHA PILLAI : വീട്ടു പ്രാതിനിദ്ധ്യം അനുവദിക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

MR. K. K. CHELLPPAN PILLAI (*Mavelikara II—General*) : ഉദ്യോഗനിയമനങ്ങളിൽ സാമുദായികപ്രാതിനിദ്ധ്യത്തെക്കാൾ കാര്യക്ഷമതയേയും സത്യസന്ധതയേയുംകൂടി പരിഗണിക്കേണ്ടതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN : തീർച്ചയായും.

MR. A. CHIDAMBARANATHA NADAR : *திருவிதாங்கூரில் நாடார்சமுதாயத்தில் இரண்டு லக்ஷத்துக்கு அதிகம் ஜனத்தொகையுண்டு என்பது தெரியுமா?*

HON'BLE MR. E. K. MADHAVAN : ഉണ്ട്.

Women's Hospital at Alleppey.

*231. MR. P. S. MOHAMMED (*Muvattupuzha I—Muslim*) : Will the Hon'ble Minister for Hospitals be pleased to state :

(*a*) whether there is a proposal for starting a Women's Hospital at Alleppey; and

(*b*) if the answer to part (*a*) is in the affirmative how the proposal stands at present?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN : (എ) ഇപ്പോഴില്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ബി ഉത്ഭവിക്കുന്നില്ല.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ആലപ്പുഴ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു വേണ്ടി മുൻപു ഗവണ്മെൻറു പ്രത്യേകം ഒരു സ്ഥലം എടുത്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. E. K. MADHAVAN : ഉവ്വ്. കൊല്ലങ്ങൾക്കുമുൻപു അവിടെ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനായി ഒരാലോചനനടന്നുകൊണ്ടിരുന്നതായി ഗവണ്മെൻറിനറിയാം.

MR. P. S. MOHAMMED : അതിനായി ആദ്യമെ നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥലം ആ കാര്യത്തിനു പറ്റുന്നതല്ലെന്നു കണ്ടു അവിടത്തെ മുനിസിപ്പൽ മാർക്കറ്റിലെ ഒരു ഭാഗം ഈ ആവശ്യത്തിലേയ്ക്കായി ഗവണ്മെൻറു പിന്നീടു എടുത്തിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. E. K. MADHAVAN : അതേപ്പറ്റി അന്വേഷിച്ചുപറയാം. ഏതായാലും ആലപ്പുഴയിൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായി പ്രത്യേകം ഒരു ആശുപത്രി വേണമെന്നു ഗവണ്മെൻറിന്റെ അറിവിൽപ്പെടാത്തതുകൊണ്ടു ആ വിഷയം ഇപ്പോൾ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നില്ല.

MR. P. S. MOHAMMED : ആലപ്പുഴ പട്ടണത്തിൽ സ്ത്രീകളും കുഞ്ഞുങ്ങളുമായി എത്രപേർ താമസമുണ്ടെന്നു അറിയാമോ?

HON'BLE MR. E. K. MADHAVAN : സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും പ്രത്യേകമായി ഇപ്പോൾ ഒരു സെൻസസു എടുത്തിട്ടില്ലാത്തതുകൊണ്ടു അതിനു ഉത്തരം പറയാൻ നിവൃത്തിയില്ല.

MR. P. S. MOHAMMED : വളരെ ജനനിബിഡമായ ഒരു പട്ടണമാണ് ആലപ്പുഴയെന്നും, ഈ നിലയ്ക്കു അവിടെ ഒരു ആശുപത്രി അത്യാവശ്യമാണെന്നും ഇരിക്കെ, അവിടെ ഒരു ആശുപത്രി വേണ്ടെന്നു ഗവണ്മെൻറിനു തോന്നാനുള്ള കാരണമെന്താണ്?

HON'BLE MR. E. K. MADHAVAN : സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും കാര്യങ്ങൾക്കുവേണ്ടി പ്രത്യേകമായും, ഉപയോഗയോഗ്യങ്ങളായും ആയവാർഡുകളും മറ്റു സജ്ജീകരണങ്ങളും ഉള്ള നല്ല ഒരാശുപത്രി ആലപ്പുഴയിൽത്തന്നെ ഉള്ളതുകൊണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. ABDULLA (*Ambalapuzhai I—Muslim*) : അങ്ങനെ ഒരാശുപത്രി അവിടെ ഉണ്ടായിരുന്നിട്ടും, അനേകം രോഗികൾ ആ ആശുപത്രിയിൽ സ്ഥലം കിട്ടാതെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. E. K. MADHAVAN : സ്ഥലം കിട്ടുന്ന കാര്യത്തിൽ എല്ലാ ആശുപത്രികളിലും ഉള്ളതുപോലെയുള്ള കഷ്ടപ്പാട് അലപ്പുഴയുമുണ്ട്.

MR. T. A. ABDULLA : ബഹുമാനപ്പെട്ട മന്ത്രി ആ ആശുപത്രി സന്ദർശിച്ച അവസരത്തിൽ ധാരാളം രോഗികൾ ആശുപത്രിയുടെ വരാന്തയിൽ കിടന്നിരുന്നു എന്ന വിവരം അറിയാമോ?

HON'BLE MR. E. K. MADHAVAN : അവിടെ വരാന്തയിൽ കിടന്നിരുന്നവരുടെ സംഖ്യ മറ്റാശുപത്രികളെ അപേക്ഷിച്ചു തുലോം കുറവായിരുന്നു എന്നുള്ള വിവരം ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിച്ചുകൊള്ളുന്നു.

MR. P. S. MOHAMMED : ആലപ്പുഴയ്ക്കു അടുത്തു എവിടെ എങ്കിലും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ആശുപത്രിയുണ്ടോ?

HON'BLE MR. E. K. MADHAVAN : കൊല്ലത്തുണ്ട്.

MR. K. RAMAKRISHNA PILLAI (*Ambalapuzhai I—General*) : എത്ര ജനസംഖ്യ ഉണ്ടായാലാണ് സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും പ്രത്യേകം ആശുപത്രി അനുവദിക്കുന്നത്?

HON'BLE MR. E. K MADHAVAN : ജനസംഖ്യമാത്രം പോരാ; അനാരോഗ്യതയെക്കൂടി പരിഗണിച്ചാണ് ആശുപത്രി അനുവദിക്കുന്നത്.

Travancore State merging with the adjoining Indian Union Territory.

*232. MR. P. S. NATARAJA PILLAI: Will the Hon'ble Prime Minister be pleased to state:

(*a*) whether the question of Travancore State merging with the adjoining Indian Union territory was considered by the Government?

(*b*) if so what is the decision of Government about such merger?

HON'BLE MR. T. K. NARAYANA PILLAI: (*a*) No.

(*b*) does not arise in view of the answer to part (a).

MR. P. S. NATARAJA PILLAI: Do the Government think that in view of the present political development in India and Travancore, a consideration of this question is necessary at present?

HON'BLE MR. T. K. NARAYANA PILLAI: The Government have not yet thought in that line.

LIBRARY ARCHIVES Kerala Legislative Assembly